**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 730** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അംബേദ്കർ ഗ്രാമം പദ്ധതി വിപുലീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** അംബേദ്കർ ഗ്രാമം പദ്ധതി വിപുലീകരണത്തിനുള്ള പദ്ധതി വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** അംബേദ്ക്കർ ഗ്രാമം പദ്ധതി നിലവിലെ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി കൂടുതൽ ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പദ്ധതിക്ക് അനുവദിക്കുന്ന തുക പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മതിയായതല്ല എന്നുള്ള പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** 1 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക, ആകെയുള്ള അടങ്കൽ തുക , Centage charge, GST എന്നിവ പ്രത്യേകമായി രേഖപ്പെടുത്തി മൊത്തം പ്രവൃത്തികളുടെ തുക പരമാവധി ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയാണ് പ്രവൃത്തി നടത്തുന്നത്. ടി തുക അപര്യപ്തമാകുന്ന സാഹചര്യങ്ങളിൽ പദ്ധതി മറ്റു സ്രോതസുകളുമായി ബന്ധിപ്പിച്ച് സംയോജിത പ്രൊജക്റ്റ് ആയി നിർവഹിക്കുന്നത് സാധ്യമാക്കുന്ന തരത്തിൽ ഉത്തരവായിട്ടുള്ളതാണ്.

16-01-2025 ലെ സ.ഉ(കൈ) നം.4/2025/SCSTD സർക്കാർ ഉത്തരവ് പ്രകാരം അംബേദ്കർ ഗ്രാമ പദ്ധതിയോടൊപ്പം വിവിധ സ്രോതസ്സുകളിലെ ഫണ്ടുകളുടെ (MLA ഫണ്ട്, MPLAD ഫണ്ട്, തദ്ദേശ സ്ഥാപന ഫണ്ടുകൾ, CSR ഫണ്ടുകൾ, തുടങ്ങിയവ) സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രത്യേക പദ്ധതികളായി ഉൾപ്പെടുത്തി മാതൃകാ അംബേദ്കർ ഗ്രാമം എന്ന നിലയിൽ ഏറ്റെടുത്ത് നടത്താൻ കഴിയുന്നതാണ്.

**(സി)** പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ തുക വർദ്ധിപ്പിക്കുന്നത് നിലവിൽ സർക്കാർ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**